## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1772 17.12.2012-ൽ മറുപടിയ്ക്ക്**

**<u>നിയോജകമണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾ</u>**

| | **ചോദ്യം**<br>ശ്രീ. തോമസ് ചാണ്ടി | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 21.11.2011-ലെ പൊതുഭരണ ഏകോപന വകുപ്പിന്റെ 77369/സി.ഡി.എൻ.4/11/ പൊ.ഭ./സർക്കുലർ പ്രകാരം നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എം.എൽ.എ മാരെ അറിയിക്കുന്നതിന് നിർദ്ദേശം ഉണ്ടായിട്ടും വകുപ്പ് തലവന്മാർ നിർദ്ദേശം പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും എം.എൽ.എ മാരെ സമയബന്ധിതമായി അറിയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി)<br>&<br>(സി) | വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും എം.എൽ.എ മാരെ സമയബന്ധിതമായി അറിയിക്കുന്നത് സംബന്ധിച്ച് പാർലമെന്ററികാര്യ വകുപ്പിൽ നിന്നും 07.05.2008-ൽ പുറപ്പെടുവിച്ച 1294/എ.2/07/പാ.കാ.വ നമ്പർ സർക്കുലറിലേയും പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നും 21.11.2011-ൽ പുറപ്പെടുവിച്ച 77369/സി.ഡി.എൻ.4/11/ പൊ.ഭ.വ നമ്പർ സർക്കുലറിലെയും നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും/ വകുപ്പുതലന്മാർക്കും കർശന നിർദ്ദേശം നൽകി 11.06.2012-ൽ സാ.ഉ (എം.എസ്)നം.142/12/പൊ.ഭ.വ നമ്പരായി |
| (സി) | പ്രസ്തുത സർക്കുലർ പാലിക്കാത്ത വകുപ്പുകൾക്കും വകുപ്പ് തലവന്മാർക്കും എതിരെ വകുപ്പുതലത്തിൽ നടപടിക്ക് നിർദ്ദേശം നൽകുമോ ? | | |

| | | | |
|---|---|---|---|
| | | | ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**